പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2846 2/04/2013-ലെ മറുപടിയ്ക്ക്

# വില്ലേജുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ എം.എ. വാഹീദ്<br>ശ്രീ സണ്ണിജോസഫ് | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | വില്ലേജുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ വില്ലേജ് ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ നിലവിലില്ലാത്ത 30 പഞ്ചായത്തുകളിൽ പുതിയ വില്ലേജ് രൂപീകരിക്കുന്നതിന്റെ ഭാഗമായി കരട് വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ലഭ്യമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിനായി ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിലായി ഉൾപ്പെട്ടു കിടക്കുന്ന വില്ലേജുകളുടെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജു ഓഫീസുകൾ ഒരുമിച്ച് ഒരിടത്ത് പ്രവർത്തിപ്പിക്കുക വഴി ഒരു വില്ലേജിന്റെ പൂർണ്ണഭാഗം ഒരു പഞ്ചായത്തു പരിധിയിൽ ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | 1. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| | | | 2 ഭരണപരമായ സൗകര്യം<br>3. ജനങ്ങളുടെ യാത്രാസൗകര്യം എന്നിവയാണ് ഈ സമ്പ്രദായം നടപ്പിലാക്കുക വഴി ഉദ്ദേശിക്കുന്നത്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സർക്കാർ സംവിധാനം അല്ലാതെ മറ്റ് ഏജൻസികൾ ഈ പ്രവർത്തനത്തിൽ ഇടപെടുന്നില്ല. |

സെക്ഷൻ ഓഫീസർ.